**02-12-2014**

**പക്ഷിപ്പനി രോഗപ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ചുള്ള 02-12-2014 ലെ റിപ്പോർട്ട്**

- ആലപ്പുഴ ജില്ലയിൽ 449 ആരോഗ്യവകുപ്പ് ടീമുകൾ 17036 വീടുകൾ സന്ദർശിച്ച് 60933 ജനങ്ങളെ നിരീക്ഷണവിധേയരാക്കി. ഇതിൽ 381 പേർക്ക് ലഘുവായ പനിയുടെ ലക്ഷണം കണ്ടതിനെ തുടർന്ന് ചികിത്സാനടപടികൾ കൈക്കൊണ്ടു. ഇവരിലാർക്കും തന്നെ പക്ഷിപ്പനി ലക്ഷണങ്ങളുള്ളതായി കണ്ടെത്തിയിട്ടില്ല.
- കോട്ടയം ജില്ലയിൽ 17705 വീടുകൾ സന്ദർശിച്ചു. 34693 ജനങ്ങളെ നിരീക്ഷണ വിധേയരാക്കി. ഇവരിൽ 18 പേർക്ക് പനിയുടെ ലക്ഷണം കണ്ടെത്തി. എന്നാൽ ആർക്കും തന്നെ പക്ഷിപ്പനി ലക്ഷണങ്ങൾ കണ്ടെത്തിയിട്ടില്ല.
- പത്തനംതിട്ട ജില്ലയിൽ 313 വീടുകൾ സന്ദർശിച്ചു 987 ജനങ്ങളെ നിരീക്ഷിക്കുകയും ഇവരിൽ 8 പേർക്ക് ലഘുവായി പനി ലക്ഷണം കണ്ടെത്തുകയും ചെയ്തു. എന്നാലാർക്കും തന്നെ പക്ഷിപ്പനി ഉള്ളതായി കണ്ടെത്തിയിട്ടില്ല.
- ഇന്നേദിവസം എല്ലാജില്ലകളിലും കൂടി ആരോഗ്യവകുപ്പ് ടീമുകൾ 38077 വീടുകൾ സന്ദർശിച്ചു 102264 പേരെ നിരീക്ഷിക്കുകയും ചെയ്തു. ഇതിൽ 417 പേർക്ക് പനിയുടെ ലക്ഷണം കണ്ടിരുന്നു. പക്ഷെ ആർക്കും തന്നെ പക്ഷിപ്പനിയുടെ ലക്ഷണം കണ്ടെത്തിയില്ല.
- വിവിധ ജില്ലകളിലെ ആരോഗ്യവകുപ്പ് ടീമുകൾ പക്ഷിപ്പനിയുടെ പ്രതിരോധപ്രവർത്തനങ്ങൾ തുടങ്ങിയ ദിവസം മുതൽ ഇന്നുവരെ 172082 വീടുകൾ സന്ദർശിക്കുകയും 602063 ജനങ്ങളെ നിരീക്ഷണ വിധേയരാക്കുകയും ചെയ്തു. ഇവരിൽ 1522 പേർക്ക് ലഘുവായ പനിയുടെ ലക്ഷണം കണ്ടെത്തിയിരുന്നു. ഇതിൽ 6 പേരുടെ രക്ത സാമ്പിൾ ലബോറട്ടറി പരിശോധനക്കായി എടുത്തിട്ടുണ്ട്. ഇതുവരെ ആരിലും തന്നെ പക്ഷിപ്പനി ഉള്ളതായി സ്ഥിരീകരിച്ചിട്ടില്ല.
- ഇന്ന് മുഖ്യമന്ത്രിയും ആരോഗ്യമന്ത്രിയും കേന്ദ്ര സംഘവുമായി ചർച്ച നടത്തുകയും സ്ഥിതിഗതികൾ വിലയിരുത്തുകയും ചെയ്തു. പ്രതിരോധപ്രവർത്തനങ്ങളിൽ കേന്ദ്ര സംഘം സംതൃപ്തി രേഖപ്പെടുത്തി.

**അഡീഷണൽ ഡയറക്ടർ ഓഫ് ഹെൽത്ത് സർവീസസ് (പൊതുജനാരോഗ്യം)**